നം.സി 6/6731/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 29/11/2018

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സ്വീപ്പർ, സാനിട്ടേഷൻ വർക്കർ, കുക്ക് തസ്തികകളിൽ കുടുംബശ്രീ മുഖാന്തിരം താത്ക്കാലിക നിയമനം നടത്തുന്നതു - സംബന്ധിച്ച്.

സൂചന:- 1) 07/07/2018 -ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ സർക്കുലർ.
2) 09/05/2018 -ലെ സർക്കാർ ഉത്തരവ് (സാധാ) നം. 918/2018/ഉ.വി.വ.
3) 30/05/2018- ലെ സർക്കാർ ഉത്തരവ് (സാധ) നം. 1078/2018/ഉ.വി.വ.
4) 03/07/2018 -ലെ സർക്കാർ ഉത്തരവ് (സാധ) നം. 1313/2018/ഉ.വി.വ.
5) വിവിധ സർക്കാർ കോളജ്/ഹോസ്റ്റൽ സ്ഥാപന മേധാവികളുടെ കത്തുകൾ.

*********

കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ സർക്കാർ സ്ഥാപനങ്ങളിലും സ്വീപ്പർ/സാനിട്ടേഷൻ വർക്കർ/കുക്ക് തസ്തികകളിൽ സ്ഥിര നിയമനം നടക്കുന്നതുവരെ മേൽ പരാമർശിച്ച സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിച്ച് കുടുംബശ്രീ മുഖാന്തിരം താത്ക്കാലിക നിയമനം നടത്തുന്നതിന് സൂചന (1) പ്രകാരം അനുവാദം നൽകിയിരുന്നു. എല്ലാ സർക്കാർ കോളേജ് ഹോസ്റ്റലുകളിലും 20 അന്തേവാസികൾക്ക് 1 എന്ന കണക്കിൽ കുക്ക് തസ്തികകൾ അനുവദനീയമാണ്. ആയതിനാൽ ഹോസ്റ്റലുകളിൽ അന്തേവാസികളുടെ എണ്ണത്തിന് ആനുപാതികമായി കുക്ക് തസ്തികകളിൽ സൂചന സർക്കുലർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ മുഖാന്തിരം താത്ക്കാലിക നിയമനം നടത്തുന്നതിന് എല്ലാ സർക്കാർ കോളേജ് ഹോസ്റ്റൽ വാർഡൻ/പ്രിൻസിപ്പാൾമാർക്ക് അനുവാദം നൽകുന്നു. സ്വീപ്പർ/സാനിട്ടേഷൻ വർക്കർ തസ്തികകളിൽ തസ്തികകൾ അനുവദനീയമാണോയെന്ന് പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട PWD അസിസ്റ്റന്റ് എഞ്ചിനീയറുടെ (കെട്ടിട വിഭാഗം) സ്വീപ്പിങ് ഏരിയ സർട്ടിഫിക്കറ്റ് സഹിതമുള്ള പ്രൊപ്പോസൽ സമർപ്പിക്കേണ്ടതുമാണ്.

എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾമാരും സർക്കാർ കോളേജ് ഹോസ്റ്റൽ വാർഡൻമാരും സൂചന സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിച്ച് കുടുംബശ്രീ മുഖാന്തിരം താത്ക്കാലിക നിയമനം ആവശ്യമെങ്കിൽ നടത്താവുന്നതാണെന്ന് അറിയിക്കുന്നു. താത്ക്കാലിക നിയമനങ്ങൾ നടത്തിയ ശേഷം വിവരം ഈ കാര്യാലയത്തിലേയ്ക്ക് അറിയിക്കേണ്ടതാണ്. ടി നിയമനങ്ങൾ സാധൂകരിച്ചുകൊണ്ട് ഈ കാര്യാലയത്തിൽ നിന്നും പ്രത്യേകമായി ഉത്തരവ് പുറപ്പെടുവിക്കുന്നതല്ലെന്നും അറിയിക്കുന്നു. സൂചന ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നതിനുള്ള ബാധ്യത നിയമനാധികാരികൾക്കായിരിക്കുമെന്ന് വ്യക്തമാക്കുന്നു.

ഒപ്പ്/-
രമേഷ് റ്റി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലെ എല്ലാ
സർക്കാർ സ്ഥാപന മേധാവികളുടെയും അറിവിലേയ്ക്കായി

//അംഗീകാരത്തോടെ//

വൈ.റ്റി. 29/11/18 -

GOVERNMENT OF KERALA 2017-18

9901653